FWLD - A1/2/2021



"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം -മറയൂർ റെയിഞ്ചിലെ ഒ.ആർ.9/2005 കേസ്സുമായി ബന്ധപ്പെട്ട് വാളയാർ റൂറൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നടത്തിയ റെയിഡിൽ ചന്ദനത്തടി പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് ശ്രീ.കെ.ഉമ്മർ, റിട്ട.ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.51/2022/F&WLD   തീയതി,തിരുവനന്തപുരം, 16-02-2022

---

പരാമർശം:-

1. സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷന്റെ 24/11/2010 ലെ 11896 /3/1/2008/EOU-V നമ്പർ റിപ്പോർട്ട്.
2. 5/1/2011 ലെ 14355/എ1/2010/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
3. ഡി&.പി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 7/3/2013 ലെ ബി8-5403/2012 നമ്പർ കത്ത്
4. മുഖ്യവനപാലകന്റെ 21/5/2014 ലെ ബി8-5403/2012 നമ്പർ കത്ത്.
5. സ.ഉ(സാധാ) നം 468/2014/വനം തീയതി 14/10/2014.
6. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 5/2/2017 ലെ ബി8-5403/2012 നമ്പർ കത്ത്.
7. 10/10/2017 ലെ 563009/എ1/2016/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
8. കേരള പബ്ലിക് സെർവ്വീസ് കമ്മീഷൻ തിരുവനന്തപുരത്തിന്റെ 20/12/2021 ലെ എ1-1/22/2021-KPSC നമ്പർ കത്ത്.

<u>ഉത്തരവ്</u>

മറയൂർ റെയിഞ്ചിലെ ഒ.ആർ.9/2005 കേസ്സുമായി ബന്ധപ്പെട്ട് വാളയാർ റൂറൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നടത്തിയ റെയിഡിൽ ചന്ദനത്തടി പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് സി.ബി.ഐ. റെയ്ഡ് നടത്തി പരാമർശം(1) പ്രകാരം റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു. ടി റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ.കെ.ഉമ്മർ, ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ ഓഫീസർ ശ്രീ.കെ.എം.ശ്രീകുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് എന്നിവർക്കെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും ശ്രീ.ഉമ്മറിനെതിരെ

താഴെപ്പറയുന്ന ചാർജ്ജുകൾ ഉൾപ്പെടുത്തി പരാമർശം (2)പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

I. He had visited Walayar Rural Industries on 13.01.2005 when searches were being conducted by forest officers of Devikulam Range and had not found anything wrong in the search proceedings but he subsequently did a volte face and submitted a biased report to his immediate controlling officer, finding fault with the Forest Department Officers of Munnar Division regarding the search proceedings.

II. Although he had initiated an enquiry on the search the seizure at Walayar Rural Industries, Palakkad on 13.01.2005, he submitted reports without examining the issue in details and thereby undermining the very spirit of the enquiry on a more serious issue and compromising on the matter of smuggling of sandalwood.

III. His action tantamounts to gross official misconduct and dereliction of duty. He acted in favour of private parties and did not protect the interest of the Government.

ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ ഡി&.പി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം(3) പ്രകാരവും, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് പരാമർശം(4) പ്രകാരവും അഭിപ്രായം ലഭ്യമാക്കിയിരുന്നു. പ്രസ്തുത അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ മേൽ വിഷയത്തിലുള്ള വസ്തുതകൾ വെളിച്ചത്തുകൊണ്ടുവരുന്നതിനായി ഒരു ഔപചാരികാന്വേഷണം നടത്തുന്നതിന് പരാമർശം(5) പ്രകാരം ഉത്തരവായി. മേൽ പ്രവർത്തികൾ ഔദ്യോഗിക കൃത്യവിലോപത്തിന് തുല്യവും സ്വകാര്യ വ്യക്തികളെ സഹായിക്കും വിധവും സർക്കാർ താല്പര്യം ഹനിക്കുന്നവയുമായിരുന്നുവെന്ന് ഔപചാരികാന്വേഷണത്തിൽ കണ്ടെത്തുകയുണ്ടായി .

ശ്രീ.കെ.ഉമ്മർ, റിട്ടയേർഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മന:പൂർവം അന്വേഷണത്തിൽ നിന്നും വിട്ടു നിന്നതിനാലും ടിയാന്റെ നിരപരാധിത്വം തെളിയിക്കുന്നതിന് തെളിവുകളൊന്നും സമർപ്പിക്കാത്തതിനാലും, ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ലായെന്നതിന്റെ അടിസ്ഥാനത്തിൽ ചാർജ്ജുകളെല്ലാം തെളിഞ്ഞതായി അന്വേഷണാധികാരി റിപ്പോർട്ട് ചെയ്യുകയും. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അന്വേഷണ റിപ്പോർട്ടിനോട് യോജിക്കുന്നതായി പരാമർശം(6) പ്രകാരം അറിയിക്കുകയും ചെയ്തു.

അന്വേഷണ റിപ്പോർട്ട് അംഗീകരിച്ച് പരാമർശം 7 പ്രകാരം ശ്രീ.കെ.ഉമ്മർ, റിട്ടയേർഡ് ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ (ഇരുന്നൂറ് രൂപ മാത്രം) വീതം മൂന്നു വർഷത്തേയ്ക്ക് കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്ന് ചട്ടം 3 പ്രകാരം കുറവു ചെയ്യുന്നതിന് തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകി. പ്രസ്തുത നോട്ടീസിന് ടിയാൻ സമർപ്പിച്ച വിശദീകരണം അംഗീകരിക്കാവുന്നതല്ലായെന്നും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കാവുന്നതാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്റിപ്പോർട്ട് ചെയ്തു.

തുടർന്ന് സ്വാഭാവിക നീതി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ടിയാനെ നേരിൽ കേൾക്കുകയും നേരിൽ കേൾക്കുന്ന സമയത്ത് ശ്രീ.കെ.ഉമ്മർ ഉന്നയിച്ച വാദങ്ങളും ബന്ധപ്പെട്ട രേഖകളും വിശദമായി പരിശോധിക്കുകയും ചെയ്തു. ടിയാനെതിരെയുള്ള ചാർജ്ജുകളെ ഖണ്ഡിക്കത്തക്ക വാദങ്ങളൊന്നും ടിയാൻ ഉന്നയിച്ചിരുന്നില്ല.

മേൽ സാഹചര്യത്തിൽ കാരണം കാണിക്കൽ നോട്ടിസിൽ നിശ്ചയിച്ച പ്രകാരം

FWLD - A1/2/2021

സ.ഉ.(സാധാ) നം.51/2022/F&WLD

കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്ന് ചട്ടം 3 പ്രകാരം ശ്രീ.കെ.ഉമ്മർ, റിട്ടയേർഡ് ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ (ഇരുന്നൂറ് രൂപ മാത്രം) വീതം മൂന്നു വർഷത്തേയ്ക്ക് കുറവ് ചെയ്യുന്നതിന് സർക്കാർ താൽക്കാലികമായി തീരുമാനിക്കുകയും ബഹു. കമ്മീഷന്റെ ഉപദേശം ആരായുകയും ചെയ്തിരുന്നു.

പ്രസ്തുത കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച ബഹു. കമ്മീഷൻ സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുകയും, അപ്രകാരം സർക്കാരിനെ പരാമർശം(8) പ്രകാരം ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുകളിൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ കേരള സർവ്വീസ് റൂൾസ് പാർട്ട് III റൂൾ 3 പ്രകാരം ശ്രീ.കെ.ഉമ്മർ (റിട്ടയേർഡ് ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്)-ന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം മൂന്ന് വർഷത്തേയ്ക്ക് കുറവ് ചെയ്യുന്നതിനായുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.കെ.ഉമ്മർ, റിട്ടയേർഡ് ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Shaji A M**
**Date: 16-02-2022 14:36:20**
സെക്ഷൻ ഓഫീസർ